REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-05-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേരളഭരണം ആർക്കെന്ന് നാളെ അറിയാം. വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും.**
- **പശ്ചിമബംഗാളിൽ ഫാൽത്താ നിയമസഭാ മണ്ഡലത്തിലെ മുഴുവൻ തെരഞ്ഞെടുപ്പ് നടപടികളും തെരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കി.**
- **ഭീകരവാദത്തെ ഇല്ലായ്മ ചെയ്യാൻ കേന്ദ്രം പുലർത്തുന്ന ദൃഢനിശ്ചയത്തിന്റെയും നടപടികളുടെയും പ്രതിഫലനമാണ് ഓപ്പറേഷൻ സിന്ദൂർ വിജയമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.**
- **നീറ്റ്-UG മെഡിക്കൽ പ്രവേശന പരീക്ഷ ഇന്ന് ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് അഞ്ചുവരെ.**
- **IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

കേരളഭരണം ആർക്കെന്ന് നാളെ അറിയാം. സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും. കേരളത്തിന് പുറമെ തമിഴ്നാട്, പുതുച്ചേരി, പശ്ചിമ ബംഗാൾ, അസം എന്നിവിടങ്ങളിലും നാളെയാണ് വോട്ടെണ്ണൽ. ആദ്യ ഫലസൂചനകൾ രാവിലെ ഒൻപതോടെ ലഭ്യമാകും.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

നാളത്തെ വോട്ടെണ്ണലിന് എല്ലാ ജില്ലയിലും ഒരുക്കങ്ങൾ പൂർത്തിയായതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കൗണ്ടിങ് സൂപ്പർവൈസർമാർ, കൗണ്ടിങ് അസ്സിസ്റ്റന്റുമാർ, മൈക്രോ ഒബ്സർവർമാർ എന്നിവരുടെ മണ്ഡലം തിരിച്ച രണ്ടാം ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. ജില്ലാ കലക്ടർമാരുടെ ചേമ്പറിൽ റിട്ടേണിംഗ് ഓഫീസർമാർ,കേന്ദ്ര തെരഞ്ഞെടുപ്പ് നിരീക്ഷകർ എന്നിവരുടെ മേൽനോട്ടത്തിലാണ് നടപടികൾ പൂർത്തിയാക്കിയത്. നിയമനം ലഭിച്ച ഉദ്യോഗസ്ഥർക്ക് സ്ഥാപന മേധാവികൾ വഴി ഉത്തരവ് കൈപ്പറ്റാം. ഉത്തരവുകൾ ലഭിച്ചെന്ന് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

വോട്ടെണ്ണലിന്റെ ഭാഗമായി സംസ്ഥാനത്ത് താൽക്കാലിക മദ്യനിരോധനം ഏർപ്പെടുത്തി. ഇന്ന് വൈകിട്ട് ആറുമുതൽ മറ്റന്നാൾ രാവിലെ ഒൻപതു വരെയാണ് നിരോധനം. കള്ളുഷാപ്പുകൾ ബിവറേജ് ഔട്ട്ലെറ്റുകൾ, വിദേശ മദ്യ വിൽപ്പന കേന്ദ്രങ്ങൾ, ബാറുകൾ, ബിയർ-വൈൻ പാർലറുകൾ തുടങ്ങിയവ അടച്ചിടണം.

✪✪✪

വോട്ടെടുപ്പ് ഫലവും പ്രവണതകളും ജനങ്ങളിലെത്തിക്കാൻ ആകാശവാണി രാവിലെ എട്ടരമുതൽ പ്രത്യേക വാർത്താബുള്ളറ്റിനുകൾ പ്രക്ഷേപണം ചെയ്യും. തത്സമയ പാനൽ ചർച്ചകളും വിലയിരുത്തലുകളും വോട്ടെണ്ണൽ പൂർത്തിയാകുന്നത് വരെ കേരള നിലയങ്ങൾ ശ്രോതാക്കളിലെത്തിക്കും.

✪✪✪

കോഴിക്കോട് ജില്ലയിലെ മൂന്ന് വോട്ടെണ്ണൽ കേന്ദ്രങ്ങളുടെയും പരിസരങ്ങളിൽ ആളുകൾ കൂട്ടംചേരുന്നത് വിലക്കി ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് ഉത്തരവിറക്കി. ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയുടെ 163ാം വകുപ്പ് പ്രകാരമാണ് നടപടി. ഇന്ന് വൈകീട്ട് ആറ് മുതൽ മെയ് അഞ്ചിന് രാവിലെ ഒമ്പത് വരെ വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ 200 മീറ്റർ ചുറ്റളവിലാണ് നിരോധന ഉത്തരവ്.

എറണാകുളം ജില്ലയിൽ വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ച കളമശ്ശേരി കുസാറ്റ്, ആലുവ UC കോളജ്, കോതമംഗലം MA കോളജ് എന്നിവയ്ക്ക് നാളെ അവധി ആയിരിക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

പശ്ചിമബംഗാളിലെ ഫാൽത്താ നിയമസഭാ മണ്ഡലത്തിലെ മുഴുവൻ തെരഞ്ഞെടുപ്പ് നടപടികളും തെരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കി. ഈ മാസം 21ന് മണ്ഡലത്തിലെ 285 പോളിംഗ് സ്റ്റേഷനുകളിലും പുതിയ വോട്ടെടുപ്പ്

നടത്തും.  24ന് വോട്ടെണ്ണും. സൗത്ത് 24 പർഗാനാസ് ജില്ലയിലെ മണ്ഡലത്തിൽ വൻതോതിൽ തെരഞ്ഞെടുപ്പ് ക്രമക്കേടുകളും അട്ടിമറിയും ഉണ്ടായെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപടിയെന്നാണ് കമ്മീഷൻ അറിയിച്ചു. രണ്ടാം ഘട്ടത്തിൽ ഏപ്രിൽ 29നായിരുന്നു ഫാൽത്തായിലെ വോട്ടെടുപ്പ്. വോട്ടിങ് യന്ത്രങ്ങളിൽ കൃത്രിമം നടത്തിയതിന് പുറമെ വോട്ടർമാരെ ഭീഷണിപ്പെടുത്തുകയും തെരഞ്ഞെടുപ്പ് നിയമങ്ങൾ ലംഘിക്കുകയും ചെയ്തതായി നിരീക്ഷകർ കമ്മീഷനെ അറിയിച്ചിരുന്നു.

ഇന്നലെ റീപോളിംഗ് നടത്തിയ രണ്ട് മണ്ഡലങ്ങളിലെ 15 ബൂത്തുകളിൽ 90 ശതമാനത്തിലേറെ വോട്ടിംഗ് രേഖപ്പെടുത്തി.

✪✪✪

ഭീകരവാദത്തെ ഇല്ലായ്മ ചെയ്യാൻ നരേന്ദ്രമോദി ഗവൺമെന്റ് പുലർത്തുന്ന അചഞ്ചലമായ ദൃഢനിശ്ചയത്തിന്റെയും  നിർണായക നടപടികളുടെയും പ്രതിഫലനമാണ് ഓപ്പറേഷൻ സിന്ദൂർ വിജയമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വ്യക്തമാക്കി. ഇന്ത്യൻ സേനാ ചരിത്രത്തിലെ  സുവർണ അധ്യായമാണ് ഓപ്പറേഷൻ സിന്ദൂർ എന്നും രാജ്നാഥ് സിംഗ് വിലയിരുത്തി. ഇന്ത്യൻ സൈനികർ അസാമാന്യ ധീരതയാണ് ഓപ്പറേഷൻ സിന്ദൂറിൽ പ്രകടിപ്പിച്ചത്. ന്യൂഡൽഹിയിൽ ഓപ്പറേഷൻ സിന്ദൂറിന്റെ ഒന്നാം വാർഷികത്തിന് മുന്നോടിയായി സംഘടിപ്പിച്ച ശൗര്യ സന്ധ്യയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

2025 ഏപ്രിൽ 22 നുണ്ടായ പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയെന്ന നിലയിലാണ് മെയ് ഏഴിന് ഇന്ത്യൻ സേന ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചത്. പാകിസ്ഥാനിലെ ഭീകരപ്രവർത്തന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചായിരുന്നു ആക്രമണം. നാല് ദിവസം നീണ്ട ഓപ്പറേഷൻ സിന്ദൂർ ഇന്ത്യക്കും പാകിസ്ഥാനിലും ഇടയിലെ ധാരണയുടെ അടിസ്ഥാനത്തിൽ അവസാനിപ്പിച്ചു. ഇന്ത്യൻ സായുധസേന യുദ്ധമുഖത്തും പ്രകൃതിക്ഷോഭ ഘട്ടങ്ങളിലും ഒരേപോലെ ധൈര്യവും പോരാട്ടവീര്യവും പ്രകടമാക്കുന്നുണ്ടെന്ന് രാജ്നാഥ് സിംഗ് ചടങ്ങിൽ പറഞ്ഞു.

✪✪✪

ഛത്തീസ്ഗഢിൽ സ്ഫോടക വസ്തു നിർവീര്യമാക്കുന്നതിനിടെ ഉണ്ടായ പൊട്ടിത്തെറിയിൽ നാല് സുരക്ഷാ ഉദ്യോഗസ്ഥർക്ക് വീര്യമൃത്യു. കാങ്കർ - നാരായൺപൂർ ജില്ലാ അതിർത്തിയിലാണ് ജില്ലാ റിസർവ് ഗാർഡിലെ നാല് പേർക്ക് അപകടമുണ്ടായത്. ഒരു ഇൻസ്പെക്ടർക്കും മൂന്ന് കോൺസ്റ്റബിൾമാർക്കുമാണ് ജീവഹാനിയുണ്ടായത്.

മേഖലയിൽ കുഴിച്ചിട്ടിരുന്ന മൈനുകൾ നിർവീര്യമാക്കുന്ന ശ്രമത്തിലായിരുന്നു സുരക്ഷാ സൈനികർ.

✪✪✪

പ്രസാർ ഭാരതി ചെയർമാനായി പ്രശസ്ത ഗാനരചയിതാവും എഴുത്തുകാരനുമായ പ്രസൂൺ ജോഷിയെ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം നിയമിച്ചു.

പരസ്യം, സാഹിത്യം, കല, സിനിമ എന്നി മേഖലയിൽ ഏറെ വ്യത്യസ്തമായ കാഴ്ചപ്പാടോടെ ശ്രദ്ധേയനായ വ്യക്തിയാണ് ജോഷി എന്ന് ചെയർമാൻ നിയമനത്തിൽ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪

ഇന്ന് ലോക പത്രസ്വാതന്ത്ര്യ ദിനം. സ്വതന്ത്ര മാധ്യമങ്ങളുടെയും, ജനാധിപത്യത്തിന്റെയും, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെയും പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുകയാണ് ദിനാചരണലക്ഷ്യം.

"സമാധാനത്തിന്റെ ഭാവി രൂപപ്പെടുത്തൽ: മനുഷ്യാവകാശങ്ങൾ, വികസനം, സുരക്ഷ എന്നിവയ്ക്കായി പത്രസ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കൽ" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

നീറ്റ്-UG മെഡിക്കൽ പ്രവേശന പരീക്ഷ ഇന്ന്. ഉച്ചയ്ക്ക് രണ്ട് മുതൽ വൈകിട്ട് അഞ്ചുവരെയാണ് പരീക്ഷ. പരീക്ഷയെഴുതുന്നവർ ഒന്നരയ്ക്ക് മുമ്പ് പരീക്ഷാ കേന്ദ്രങ്ങളിലെത്തണം. നാഷണൽ ടെസ്റ്റിംഗ് ഏജൻസിയാണ് 2019 മുതൽ നീറ്റ് പരീക്ഷ നടത്തുന്നത്. പരീക്ഷാർത്ഥികൾ അഡ്മിറ്റ് കാർഡിനൊപ്പം ഏതെങ്കിലും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയും കരുതണമെന്ന് ഏജൻസി ആവശ്യപ്പെട്ടു. വോട്ടർ ID, ആധാർ, റേഷൻ കാർഡ് എന്നിവ ഇതിന് ഉപയോഗിക്കാം.

✪✪✪

46,000ത്തിൽ പരം ടൺ പാചകവാതകവുമായി MT സർവശക്തി എന്ന മാർഷൽ ദ്വീപ് കപ്പൽ ഹോർമുസ് കടലിടുക്ക് സുരക്ഷിതമായി മറികടന്നു. കപ്പലിലെ 20 ജീവനക്കാരിൽ 18 പേരും ഇന്ത്യക്കാരാണ്. ഈ മാസം 13 ഓടെ കപ്പൽ വിശാഖപട്ടണത്ത് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ്, മുംബൈ ഇന്ത്യൻസിനെ ചെന്നൈയിൽ എട്ട് വിക്കറ്റിന് തകർത്തു. ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് മൂന്നരയ്ക്ക് സൺറൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ഹൈദരാബാദിലെ രാജീവ്ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം. രണ്ടാം മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ്, പഞ്ചാബ് കിംഗ്സിനെ അഹമ്മദാബാദിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഈ വർഷത്തെ ICC വനിതാ T-20 ലോകകപ്പ് വനിതാ ടീമിനെ BCCI പ്രഖ്യാപിച്ചു. ഹർമൻപ്രീത് കൗർ ക്യാപ്റ്റനും, സ്മൃതി മന്ദാന വൈസ്ക്യാപ്റ്റനുമാണ്. ഇംഗ്ലണ്ടിൽ, ജൂൺ 12 നാണ് ടൂർണമെന്റ് ആരംഭിക്കുന്നത്. ജൂലൈ 5ന് ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിലാണ് ഫൈനൽ മത്സരങ്ങൾ. ഗ്രൂപ്പ് ഒന്നിൽ ഇടം നേടിയ ഇന്ത്യയുടെ ആദ്യ മത്സരം ജൂൺ 14ന് പാകിസ്ഥാനെതിരെയാണ്.

✪✪✪

63-ാമത് സംസ്ഥാന സീനിയർ ചെസ് ചാംപ്യൻഷിപ്പ് ഇന്ന് കോഴിക്കോട്ട് ആരംഭിക്കും. രാവിലെ 9ന് മേയർ O സദാശിവൻ ഉദ്ഘാടനം ചെയ്യും. മെയ് ആറുവരെയാണ് ചാംപ്യൻഷിപ്പ്.

✪✪✪

കഴിഞ്ഞ ദിവസം അന്തരിച്ച പൊതുപ്രവർത്തകൻ ഡിജോ കാപ്പന്റെ സംസ്കാരം ഉച്ച കഴിഞ്ഞ് കോട്ടയം പാലാ ചെറുപുഷ്പം പള്ളി സെമിത്തേരിയിൽ ഔദ്യോഗിക ബഹുമതികളോടെ നടത്തും. കാറപകടത്തെ തുടർന്ന് ചികിത്സയിലിരിക്കെയായിരുന്നു ഡിജോ കാപ്പന്റെ അന്ത്യം.

✪✪✪

കൊട്ടിയൂർ വൈശാഖോത്സവം മെയ് 28-ന് നെയ്യാട്ടത്തോടെ ആരംഭിക്കും. വൈശാഖോത്സവത്തിന്റെ ചടങ്ങുകളും തീയതിയും നിശ്ചയിക്കാൻ ഇക്കരെ കൊട്ടിയൂരിൽ ചേർന്ന പ്രക്കൂഴത്തിന്റെ തീരുമാനപ്രകാരമാണ് ഉത്സവകാലം നിശ്ചയിച്ചത്. മേയ് 23ന് അക്കരെ കൊട്ടിയൂരിലേക്ക് നീരെഴുന്നള്ളത്ത് നടത്തും.

✪✪✪

കേരളത്തിൽ പല ഇടങ്ങളിലും ബുധനാഴ്ച വരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

മലമ്പുഴ അണക്കെട്ടിന്റെ ഇടതുകര കനാൽ ഷട്ടർ വഴി സെക്കന്റിൽ 250 ഘന അടി വെള്ളം ഭാരതപ്പുഴയിലേക്ക് തുറന്ന് വിട്ട സാഹചര്യത്തിൽ തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് തൃശൂർ ജില്ലാ ദുരന്ത നിവാരണ വിഭാഗം അറിയിച്ചു. ഭാരതപ്പുഴയിൽ ഇറങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും കൃഷിനാശമൊഴിവാക്കാൻ മുൻകരുതൽ എടുക്കണമെന്നും അറിയിപ്പിൽ പറഞ്ഞു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ മലപ്പുറം മുണ്ടേരി വിത്തുൽപ്പാദന കേന്ദ്രത്തിലെ മാന്തോട്ടങ്ങളിൽ വിളവെടുപ്പ് തുടങ്ങി. 33 തരം മാങ്ങകൾ ഫാമിൽ ലഭ്യമാണ്. മുണ്ടേരി കൃഷിഫാമിലെ വിൽപ്പന കേന്ദ്രത്തിൽ നിന്നും, ചുങ്കത്തറ മുട്ടിക്കടവ് ജില്ലാ കൃഷിത്തോട്ടത്തിന്റെ ഔട്ട്ലെറ്റിൽ നിന്നും ആവശ്യക്കാർക്ക് ഗുണമേൻമയേറിയ മാങ്ങ നേരിട്ട് വാങ്ങാവുന്നതാണ്. കിലോയ്ക്ക് 50 രൂപ നിരക്കിലാണ് മാങ്ങ വില്പന.

✪✪✪

പരപ്പനങ്ങാടി ഒട്ടുമ്മൽ ബീച്ചിൽ 10 പേരെ തെരുവുനായ കടിച്ചു. പരിക്കേറ്റ 7 പേരെ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലും 3 പേരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു

✪✪✪

മലപ്പുറം എടക്കര പുതിയങ്ങാടി ഫുട്ബോൾ മേളയിലെ സംഘർഷത്തോട് ബന്ധപ്പെട്ട്  നാല് പേരെ പോത്തുകൽ പൊലിസ് അറസ്റ്റ് ചെയ്തു. കഴിഞ്ഞമാസം 28ന് അഖിലേന്ത്യ സെവൻസ് ടൂർണമെന്റിന്റെ അവസാന സെമി മത്സരത്തിനൊടുവിലാണ് കാണികൾ ചേരി തിരിഞ്ഞ് സംഘർഷമുണ്ടാക്കിയത്.

✪✪✪

കണ്ണൂർ അയ്യൻകുന്നിൽ കാട്ടാന ശല്യം തടയുന്നതിനായി സ്ഥാപിക്കുന്ന സോളാർ തൂക്കുവേലിയുടെ  നിർമാണം ഈ മാസം  31-നകം പൂർത്തിയാക്കും. തൊഴിലാളികളുടെ കുറവ് പരിഹരിക്കാൻ പ്രദേശവാസികളെ വേലിനിർമാണത്തിൽ പങ്കാളികളാക്കാനും ഉന്നതതല അവലോകയോഗത്തിൽ തീരുമാനിച്ചു.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader : അനിൽ ചന്ദ്രൻ*
*News Team:, ഫർദിസ് എ വി, സബിത ആനന്ദ്*
*DEO : സി കെ സുബോധ്*